പ്രവാസി ക്ഷേമനിധി ബോർഡ്

99 (1500) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) ക്ഷേമനിധി ബോർഡിലെ ഇതുവരെയുള്ള അംഗസംഖ്യ എത്രയെന്നറിയിക്കാമോ ;

(സി) ക്ഷേമനിധി ബോർഡിന്റെ ആസ്തി സംബന്ധിച്ച വിശദാംശം നല്കാമോ ;

(ഡി) അംഗങ്ങൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഇ) പ്രവാസികൾക്ക് പ്രായപരിധി നോക്കാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുവേണ്ടി നിലവിലെ നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ?

ഉത്തരം

(എ) പ്രവാസി കേരളീയരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനുംവേണ്ടി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിലവിലുണ്ട്. പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്ന പ്രവാസികൾക്ക് താഴെപ്പറയുന്ന ക്ഷേമപദ്ധതികളാണ് പ്രധാനമായും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത് :

1. അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംഗത്വമെടുത്ത് തുടർച്ചയായി അംശദായം അടച്ചിട്ടുള്ള 60 വയസ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ.
2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗം മരണമടഞ്ഞാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.
3. ക്ഷേമനിധി അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാ പെൻഷൻ.
4. അപകടം, രോഗം എന്നിവമൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക മരണാനന്തര സാമ്പത്തിക സഹായം.

LIBRARY ARCHIVES Kerala Legislative Assembly

5. അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് പദ്ധതി അനുശാസിക്കുന്ന ധനസഹായം.

6. വനിതാ അംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.

8. പ്രായപരിധിമൂലം അംഗത്വമെടുക്കാൻ കഴിയാത്ത പ്രവാസികൾക്ക് പ്രത്യേക ആശ്വാസനിധി രൂപീകരണം.

(ബി) 2015 ജനുവരി മാസം വരെയുള്ള കണക്കനുസരിച്ച് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിലെ അംഗസംഖ്യ 1,25,671 ആണ്.

(സി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ നിലവിലുള്ള ആസ്തി, വിവിധ ബാങ്കുകളിൽ സ്ഥിര നിക്ഷേപമായി നിക്ഷേപിച്ചിട്ടുള്ള തുകയായ 61,98,95,095 രൂപയാണ്.

(ഡി) 2015 ജനുവരി മാസംവരെ അർഹരായ 361 പേർക്കായി 8,32,500 രൂപ പെൻഷൻ ഇനത്തിലും മരണാനന്തര ധനസഹായമായി 270 പേർക്ക് 75,95,998 രൂപയും ചികിത്സാ ധനസഹായ ഇനത്തിൽ 159 പേർക്ക് 22,20,274 രൂപയും വിവാഹ ധനസഹായമായി 129 പേർക്ക് 6,45,000 രൂപയും പ്രസവാനുകൂല്യമായി 4 പേർക്ക് 12,000 രൂപയും ബോർഡ് അനുവദിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പ്രവാസി പുനരധിവാസ പാക്കേജ്

100 (1501) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി പുനരധിവാസ പാക്കേജിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചു ; ഇതിൽ യോഗ്യതയുള്ള അപേക്ഷകൾ എത്ര ;

(ബി) ബാങ്കുകളിൽ നിന്നും വായ്പ ലഭിച്ച എത്ര അപേക്ഷകരുണ്ട് ; സബ്-സിഡി ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly